*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

179th Issue - Volume 5, No. 13 **ജാഗ്രത** 8nd April 2011


''ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ,നിങ്ങൾക്കു തുറന്നുകിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വോഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറന്നുകിട്ടുകയും ചെയ്യുന്നു. മകൻ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ? അഥവാ, മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോട് ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നൻമകൾ നല്കും! ."

(മത്തായി 7,7-11)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil




## പ്രധാന വാർത്തകൾ

ദിവംഗതനായ അഭിവന്ദ്യ വിതയത്തിൽ പിതാവിനു കെ.സി.ബി.സി. ജാഗ്രതാകമ്മീഷന്റെ പ്രണാമം.

---

മുന്നണികളുടെ ലഹരിവിരുദ്ധ സമീപനം അപര്യാപ്തം: ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ

---

മലങ്കര കത്തോലിക്കാ സഭയുടെ ശുശ്രൂഷകൾക്കു മാർപാപ്പയുടെ അഭിനന്ദനം

---

ലൂർദ്ദിൽ വച്ച് തളർവാതം സുഖപ്പെട്ടയാൾ ആയിരം മൈൽ നടന്ന് തീർത്ഥാടനം നടത്തി

---

നാല്പതുകാരൻ ആർച്ചുബിഷപ് ഉക്റേനിയൻ കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

ദിവ്യകാരുണ്യപ്രേഷിതൻ മാർ തോമസ് കുര്യാളശേരി ധന്യപദവിയിൽ

---

ഈജിപ്ത് "അറബ് വസന്തം" ത്തിനുശേഷം ഡോ. സമീർ ഖലീൽ സമീർ

---


തന്റെ സഹോദരന്റെ ഘാതകരോട് ക്ഷമിക്കുന്നതായി പാക്കിസ്ഥാനിൽ ക്രൂരമായി വധിക്കപ്പെട്ട ക്രൈസ്തവ മന്ത്രിയുടെ സഹോദരൻ

---

### വാരാന്ത്യവീക്ഷണം

തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുമ്പോൾ

**ദിവംഗതനായ അഭിവന്ദ്യ വിതയത്തിൽ പിതാവിനു കെ.സി.ബി.സി. ജാഗ്രതാകമ്മീഷന്റെ പ്രണാമം.**



പിതൃതുല്യമായ സ്നേഹത്തോടെ വൈദികരോട് ഇടപഴകിയശ്രേഷ്ഠ മെത്രാപ്പോലീത്തയായിരുന്നു കർദിനാൾ വർക്കി വിതയത്തിൽ. ഉന്നത പദവിയിൽ ഇരിക്കുമ്പോഴും പുരോഹിതരുടെ ചെറിയ കാര്യങ്ങളിൽ പോലും അദ്ദേഹം ശ്രദ്ധവച്ചിരുന്നു. പ്രത്യേകിച്ചു കെസിബിസി ആസ്ഥാന കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന വൈദികരെക്കുറിച്ച് അദ്ദേഹം എപ്പോഴും തത്പരനായിരുന്നു. പിഒസിയുമായി ഒരു ആത്മബന്ധം എന്നും പുലർത്തിയിരുന്നു. പിഒസിയുടെ അയൽവാസികളായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. അവർ തങ്ങളുടെ ജീവിതത്തിന്റെ അവസാനകാലഘട്ടം ചെലവഴിച്ച കർദിനാളിന്റെ വീട് പിഒസിക്കു സമീപമായിരുന്നു. അതുകൊണ്ടുതന്നെ പിഒസിയെ തന്റെ ഒരു കുടുംബം പോലെ സ്നേഹിക്കുകയും തന്റെ കുടുംബാംഗങ്ങളുടെ ഒത്തുചേരലിനു പിഒസി തെരഞ്ഞെടുക്കുകയും ചെയ്തു. ആ എളിയജീവിതം പുരോഹിതർക്കും മെത്രാൻമാർക്കും പ്രചോദനമായിരുന്നു. കുലീനമായ കുടുംബത്തിലാണു ജനിച്ചതെങ്കിലും ഒരു സാധാരണ വൈദികനായി സഭാ ശുശ്രൂഷ നടത്താനാണ് അദ്ദേഹം ആഗ്രഹിച്ചത്. അതിനായി ദിവ്യ രക്ഷകസഭയിലെ ഒരു വൈദികനായി പൗരോഹിത്യ ശുശ്രൂഷ തുടങ്ങി. പിൽക്കാലത്ത് അദ്ദേഹത്തിന്റെ കഴിവുകൾക്കും ജീവിതശുദ്ധിക്കും അംഗീകാരമെന്ന നിലയിൽ സാർവത്രിക സഭയുടെ പല മേഖലകളിലും മധ്യസ്ഥനായി കർത്തവ്യങ്ങൾ നിറവേറ്റി. സീറോ മലബാർ സഭയുടെ അപ്പോസ്തോലിക അഡ്മിനിസ്ട്രേറ്ററും മേജർ ആർച്ച്ബിഷപ്പും കർദിനാളുമായി ഉയർത്ത പ്പെടുമ്പോഴും എളിമ ആ ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്നു. കെസിബിസി യുടെ യോഗങ്ങളിൽ അദ്ദേഹം നടത്തിയ ഇടപെടലുകളിൽ പലതും സഭ ഐക്യത്തിനു വേണ്ടിയുള്ളതായിരുന്നു. കേരളത്തിലെ സമൂഹത്തിൽ സഭയുടെ ദൗത്യം പരസ്നേഹ ശുശ്രൂഷ നിർവഹിക്കലാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു. സഭയുടെ ശുശ്രൂഷകളിൽ കുറവുണ്ടായപ്പോൾ ഒരു പ്രവാചകനെപ്പോലെ അതു ചൂണ്ടിക്കാണിക്കുന്നതിൽ അദ്ദേഹം മടികാണി ച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ചില നിലപാടുകൾ മറ്റു ചിലർ വിമർശിച്ചപ്പോഴും അദ്ദേഹത്തിനു ബോധ്യമായ കാര്യങ്ങളിൽ ഉറച്ചുനിൽക്കുക മാത്രമാണു ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ ഇത്തരം ഇടപെടലുകളിലൂടെ ദൈവാരൂപിയുടെ പ്രവർത്തനം കാണാൻ സാധിക്കുമായിരുന്നു. കേരളത്തിലെ കത്തോലിക്കാ സഭയ്ക്കും സമൂഹത്തിനും അദ്ദേഹം നല്കിയിട്ടുള്ള സേവനങ്ങൾ മറക്കാനാവില്ല.

കേരളസഭയുടെ ചരിത്രത്തിൽ സുവർണ ലിപികളാൽ എഴുതപ്പെട്ട ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ് ആ ജീവിതത്തിനു നമ്മോടു പറയാനുള്ളത്. ഉന്നതനായ ഈ പുരോഹിത ശ്രേഷ്ഠന്റെ മുന്നിൽ കേരളത്തിലെ കത്തോലിക്കാ സഭയുടെ പ്രാർഥനാനിർഭരമായ കൃതജ്ഞതകൾ.

റവ. ഡോ. സ്റ്റീഫൻ ആലത്തറ
(കെസിബിസിഡെപ്യൂട്ടി സെക്രട്ടറി ജനറൽ)

**മുന്നണികളുടെ ലഹരിവിരുദ്ധ സമീപനം അപര്യാപ്തം: ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**



ഇരുമുന്നണികളിലും പ്രസിദ്ധീകരിച്ച പ്രകടനപത്രികകളിൽ മദ്യത്തിനും ലഹരിക്കു മെതിരേ സമഗ്രമായ സമീപനം സ്വീകരി ക്കുന്നതിൽ പരാജയമാണെന്നും മദ്യഷാപ്പുകൾ വേണമോ വേണ്ടയോ എന്നുതീരു മാനിക്കാനുള്ള ജനധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയേ തീരൂ എന്നും മദ്യവിരുദ്ധസമിതിയുടെ ചെയർമാൻ ബിഷപ ്ഡോ. സെബാസ്റ്റ്യൻതെക്കത്തേച്ചേരിൽ പ്രസ്താവിച്ചു. സമിതിയുടെപ്രകടനപത്രികാവ ലോകനയോഗത്തിൽ സംസാരി ക്കുകയായിരുന്നു അദ്ദേഹം.

ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ മദ്യനിരോധനം തികഞ്ഞ മൗനത്തിലാണ്. മദ്യത്തിന്റെ ആസക്തിക്കെതിരേ യുവജനങ്ങളെ സംഘടിപ്പിച്ച് സമ്മേളനങ്ങൾ നടത്തിയിട്ടും പ്രകടനപത്രികയിൽ അവ പരാമർശിക്കുന്നതേയില്ല. ഇത് കാപട്യവും ജനവഞ്ചന യുമാണ്. മലപ്പുറം ദുരന്തത്തിനുശേഷം പൂട്ടിയ ഷാപ്പുകൾക്ക് അനുമതി നൽകി തുറന്നു പ്രവർത്തി ക്കുകയാണ്. തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചിട്ടും മദ്യഷാപ്പുകൾ ആരംഭിക്കുന്നതിടുക്കത്തിലാണ് സർക്കാർ. യുഡിഎഫ്പ്രകടന പത്രികയാണ് കുറയെങ്കിലും പ്രതീക്ഷ നൽകുന്നത്. വ്യാജമദ്യവും മയക്കുമരുന്നും പൂർണമായി നിർമാർജനം ചെയ്യുമെന്നതും പഞ്ചായ ത്തുരാജ് നഗരപാലികാ നിയങ്ങളിലെ232,447 വകുപ്പുകൾ പുനഃസ്ഥാപിക്കുമെന്നതും സ്വാഗതാർഹമാണ്. ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുന്നതിനും ഈ മേഖലയിലെ പ്രസ്ഥാനങ്ങളുടെ കൂട്ടായ്മ വളർത്തുന്നതിനും വലതുപ്രകടനപത്രിക ഒന്നും പറയുന്നില്ല.

### മലങ്കര കത്തോലിക്കാ സഭയുടെ ശുശ്രൂഷകൾക്കു മാർപാപ്പയുടെ അഭിനന്ദനം

---

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വൈവിധ്യമാർന്ന ശുശ്രൂഷകളെ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ അഭിനന്ദിച്ചു. മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയുടെ നേതൃത്വത്തിൽ അദ്ലിമിനാ സന്ദർശനം നടത്തുന്ന മലങ്കരസുറിയാനി കത്തോലിക്കാ സഭയിലെ ബിഷപ്പുമാരെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ. വിശ്വാസ സമൂഹത്തിന്റെ ആധ്യാത്മികവും സഭാത്മകവുമായ പരിശീലനത്തിലും രൂപീകരണത്തിലും കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ മാർപാപ്പ ആഹ്വാനം ചെയ്തു. വിശുദ്ധ പത്രോസിന്റെ സിംഹാസനവും മലങ്കര സുറിയാനി കത്തോലിക്കാസഭയും തമ്മിലുള്ള ഊഷ്മളമായ ബന്ധം കൂടുതൽ ആഴപ്പെടാൻ സന്ദർശനം ഉപകരിക്കുമെന്നു മാർപാപ്പ തന്റെ സന്ദേശത്തിൽ പറഞ്ഞു. മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയുടെ നേതൃത്വത്തിൽ ഭാരതത്തിലും അതിനു പുറത്തുമായി നല്കുന്ന സജീവ സാക്ഷ്യവും നേതൃത്വവും മാർപാപ്പ പ്രത്യേകം അഭിനന്ദിച്ചു.

### ലൂർദ്ദിൽ വച്ച് തളർവാതം സുഖപ്പെട്ടയാൾ ആയിരം മൈൽ നടന്ന് തീർത്ഥാടനം നടത്തി

---

ലൂർദ്ദിൽ വച്ച് തളർവാതം ബാധിച്ച് കാല് സുഖപ്പെട്ട ഫ്രഞ്ചുകാരൻ ആയിരം മൈൽ നടന്ന് യാക്കോബ്ശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്റിയാഗോഡി കൊമ്പാസ്റ്റെലായിൽ എത്തി പ്രാർത്ഥിച്ചു. സെർജെ ഫ്രാൻസോയി എന്ന നാല്പതുകാരനായ ടെലിവിഷൻ റിപ്പയറർ ആണ് തന്റെ സൗഖ്യം സാക്ഷ്യപ്പെടുത്താനും ദൈവത്തെ സ്തുതിക്കാനുമായി ആയിരം മൈൽ ദൂരം നടന്ന് തീർത്ഥാടനം നടത്തിയത്.

ലൂർദ്ദിൽ തീർത്ഥാടനം നടത്തുന്ന വേളയിൽ പ്രാർത്ഥനാനിരതനായിരുന്നപ്പോൾ തന്റെ തളർന്ന കാലിൽ ചൂടുള്ളശക്തി പ്രസരിക്കുന്നതായി അനുഭവപ്പെട്ടതായി ഫ്രാൻസോയി സാക്ഷ്യപ്പെടുത്തുന്നു. തുടർന്ന് സൗഖ്യം ലഭിക്കുകയായിരുന്നു. ഇരുപതു ഡോക്ടർമാരുടെ ഒരു സംഘം അദ്ദേഹത്തിനു ലഭിച്ചരോഗശാന്തിയെക്കുറിച്ചു പഠിച്ചതിനു ശേഷം നല്കിയ റിപ്പോർട്ടിൽ അസാധാരണവും രേഖപ്പെടുത്തേണ്ടതുമായ ഒരു സൗഖ്യം എന്നാണ് പറഞ്ഞിരിക്കുന്നത്. സ്ഥലത്തെ ബിഷപ്പ് എമ്മാനുവേൽ ദെൽമാസ് സഭക്കുവേണ്ടി ഈ സൗഖ്യത്തെ തികച്ചും അസാധാരണം എന്നു വിശേഷിപ്പിക്കുന്നു. വ്യക്തിപരമായ ഒരു ദൈവികദാനവും ദൈവ കൃപയുടെ അനുഭവവുമാണ് ഈ സൗഖ്യം എന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

പെട്ടെന്നും, പൂർണ്ണവും ഏതെങ്കിലും ചികിത്സയുടെ ഭാഗമല്ലാതെയുള്ളതും, നീണ്ടു നില്ക്കുന്നതുമായ ഈ സൗഖ്യത്തെ അത്ഭുതമായിട്ടാണ് കരുതുന്നത്. ലൂർദ്ദിൽ ഏതാണ്ട് 7000 ത്തോളം അസാധാരണമായ രോഗശാന്തികൾ നടന്നതായി സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും 67 എണ്ണം മാത്രമേ അത്ഭുതമായി സ്ഥിരീകരിച്ചിട്ടുള്ളൂ.

### നാല്പതുകാരൻ ആർച്ചുബിഷപ് ഉക്റേനിയൻ കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

ഉക്റേനിയൻ കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപായി തെരഞ്ഞെടുക്കപ്പെട്ട ആർച്ചു ബിഷപ് സ്വിയീറ്റോസ്ലാവ് ഷെവ്ചുക്ക് ഓർത്തഡോക്സ് സഭകളുമായി ചേർന്ന് മതത്തെ പൊതുവേദികളിൽ നിന്നും നിഷ്ക്കാസനം ചെയ്യുന്ന സെക്കുലറിസത്തിനെതിരെ ശക്തമായി പോരാടാൻ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.ഏപ്രിൽ ഒന്നാം തീയതി പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-ാ മൻ മാർപ്പാപ്പയെ സന്ദർശിച്ചതിനുശേഷം മാധ്യമങ്ങളോട് സംസാരിക്കുമ്പോഴാണ് ആർച്ചുബിഷപ് ഷെവ്ചുക്ക് ഇക്കാര്യം വെളിപ്പെടുത്തിയത്.

നാല്പതു വയസുകാരനായ പുതിയ മേജർ ആർച്ചുബിഷപ് ഉക്രേനിയൻ കത്തോലിക്കാ സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മെത്രാനായിരുന്നു. 77 മത്തെ വയസ്സിൽ മേജർ ആർച്ചു ബിഷപ് സ്ഥാനം ത്യജിച്ച കർദ്ദിനാൾ ഹുസാറിന്റെ പിൻഗാമിയായിട്ടാണ് ആർച്ചുബിഷപ് ഷെവ്ചുക്ക് സ്ഥാനമേൽക്കുന്നത്.

1990 വരെ റഷ്യയിലെ കമ്മ്യൂണിസ്റ്റു സർവ്വാധിപത്യത്തിനു കീഴിൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ട സഭയാണ് ഉക്റേനിയൻ കത്തോലിക്കാസഭ. അനേകായിരം പേർ ഇക്കാലയളവിൽ രക്തസാക്ഷികളായി, വൈദീകർ തടവിലാക്കപ്പെട്ടു. ഉക്റേനിയൻ കത്തോലിക്കാസഭ പൊതുവേദിയിൽ നിന്നും പാടേ അപ്രത്യക്ഷമായി. കമ്മ്യൂണിസത്തിന്റെ തകർച്ചയെത്തുടർന്നു യുവജനങ്ങൾക്കിടയിൽ മൂല്യങ്ങളിൽ ഉറച്ച ജീവിത ശൈലിയും ഊർജ്ജസ്വലതയും വർദ്ധിച്ചു. വൈദീക സന്യാസ ജീവിതത്തിലേക്കുള്ള ദൈവവിളികൾക്കൊണ്ടു സമ്പന്നമാണ് സഭ. വൈദീകരുടെ ശരാശരി പ്രായം 35-40 ആണത്രേ.

### ദിവ്യകാരുണ്യപ്രേഷിതൻ മാർ തോമസ് കുര്യാളശേരി ധന്യപദവിയിൽ

---

ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാനും ദിവ്യകാരുണ്യ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുംദിവ്യകാരുണ്യപ്രേഷിതനും സാമൂഹ്യ പരിഷ്കർ ത്താവുമായ ദൈവദാസൻ മാർ തോമസ് കുര്യാളശേരി ധന്യപദവിയിൽ. മാർ കുര്യാളശേരിയുടെ ജീവിത നന്മയും സവിശേഷ ഗുണങ്ങളും അംഗീകരിച്ചു ബനഡിക്ട്പതിനാറാമൻമാർപാപ്പ ശനിയാഴ്ചയാണു ദൈവദാസനെധന്യപദവിയിലേക്കു യർത്തി ക്കൊണ്ടുള്ള

കല്പന പുറപ്പെടുവിച്ചത്. മാർ കുര്യാളശേരി വീരോചിതമായ പുണ്യംകൊണ്ടു ക്രൈസ്തവ സാക്ഷ്യം നൽകിയ വ്യക്തിയാണെന്ന വസ്തുത അംഗീകരിച്ച് അത് ഔദ്യോഗികമായി പ്രഖ്യാപിക്കാൻ നാമകരണ നടപടികൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ തലവൻ കർദിനാൾ ആഞ്ചലോ അമാത്തോയെ മാർപാപ്പ ചുമതലപ്പെടുത്തിയിരുന്നു. മാർപാപ്പ ശനിയാഴ്ച കർദിനാൾ ആഞ്ചലോ അമാത്തോയുമായി നടത്തിയ പ്രത്യേക കൂടിക്കാഴ്ചയിലാണു മാർ കുര്യാളശേരിയെ ധന്യപദവിയിലേക്ക് ഉയർത്തുന്ന കാര്യം അറിയിച്ചത്. ധന്യന്റെ മധ്യസ്ഥതയിൽ ഒരു അദ്ഭുതം സ്ഥിരീകരിച്ചാൽ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടും. തുടർന്ന് ഒരു അദ്ഭുതം കൂടി സ്ഥിരീകരിച്ചാൽ വിശുദ്ധ പദവിയിലേക്കും ഉയർത്തപ്പെടും. ചമ്പക്കുളം കുര്യാളശേരി ചാക്കോച്ചന്റെയും അക്കാമ്മയുടെയും ആറാമത്തെ മകനായി 1873 ജനുവരി 14നു ജനിച്ച മാർ തോമസ് കുര്യാളശേരി, ചങ്ങനാശേരി സർക്കാർ സ്കൂളിൽ ഇംഗ്ലീഷ് പഠനവും മാന്നാനം സെന്റ് അപ്രേം സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും പൂർത്തിയാക്കി. ദൈവശുശ്രൂഷ ജീവിത നിയോഗമായി സ്വീകരിച്ച കുഞ്ഞുതോമാച്ചൻ 1890 ജനുവരി 18ന് വൈദികപഠനത്തിനായി റോമിലേക്കു പോയി. ഒമ്പതുവർഷത്തെ പഠനത്തിനുശേഷം റോമിലെ സെന്റ് ജോൺ ലാറ്ററൻ ദേവാലയത്തിൽ തിരുപ്പട്ടം സ്വീകരിച്ചു. 1899 നവംബർ ഒന്നിനു നാട്ടിൽ തിരിച്ചെത്തിയ ഫാ. കുര്യാളശേരി ചങ്ങനാശേരി സെന്റ് ബെർക്കുമൻസ് ബോർഡിംഗിൽ വൈസ് റെക്ടറായി. ഇടവക പ്രേഷിതത്വത്തിന്റെ ഭാഗമായി ചേന്നങ്കരി, കാവാലം, എടത്വാ, ചമ്പക്കുളം പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 1908 ഡിസംബർ എട്ടിനാണ് അദ്ദേഹം ദിവ്യകാരുണ്യ ആരാധനാ സന്യാസിനീസമൂഹം സ്ഥാപിച്ചത്. 1909ൽ ചങ്ങനാശേരി ഓർസ്ലം ദേവാലയം സ്ഥാപിച്ചു. 1911ൽ കോട്ടയത്ത് വികാരിയത്ത് സ്ഥാപിക്കപ്പെട്ടു. ചങ്ങനാശേരി വികാരി അപ്പസ്തോലിക്കയായി അതേവർഷം ഡിസംബർ മൂന്നിന് അദ്ദേഹം കാൻഡിയിൽ മെത്രാഭിഷിക്തനായി. ഈ കാലയളവിലാണു ക്ഷേത്രപ്രവേശന വിളംബരത്തിനു സമാനമായി ദളിതർക്ക് എല്ലാ ദേവാലയങ്ങളിലും പ്രവേശനം അനുവദിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചത്. ജൂബിലി വർഷമായ 1925ൽ അതു പ്രമാണിച്ചും വിശുദ്ധ കൊച്ചുത്രേസ്യയുടെ നാമകരണച്ചടങ്ങിൽ പങ്കെടുക്കാനായി റോമിലെത്തിയ ബിഷപ് കുര്യാളശേരി രോഗബാധിതനായി. ടൈബർ നദീതീരത്തുള്ള ഫാത്തെ ദേനെ ഫ്രത്തില്ലി ആശുപത്രിയിൽ 1925 ജൂൺ രണ്ടിനു കാലം ചെയ്തു. റോമിൽ കബറടങ്ങിയ മാർ കുര്യാളശേരിയുടെ ഭൗതികാവശിഷ്ടം പിൻഗാമിയായ ബിഷപ് മാർ ജയിംസ് കാളാശേരി പത്തുവർഷങ്ങൾക്കുശേഷം 1935 ജൂലൈ 25ന് നാട്ടിലെത്തിച്ചു ചങ്ങനാശേരി കത്തീഡ്രൽ മദ്ബഹായിൽ സ്ഥാപിച്ചു. ദിവ്യകാരുണ്യനാഥനെ ഓരോ മണിക്കൂറിലും ആരാധിക്കുന്ന സന്യാസിനീസഭ സാക്ഷാത്കരിക്കാനായി സ്ഥാപിച്ച ദിവ്യകാരുണ്യ ആരാധനാസന്യാസിനീ സമൂഹത്തിന് ഇന്ന് ആറു ഭൂഖണ്ഡങ്ങളിലെ പത്തു രാജ്യങ്ങളിൽ 105 രൂപതകളിലായി 5000 സന്യാസിനിമാരുണ്ട്. 17 പ്രോവിൻസുകളാണു സഭയ്ക്കുള്ളത്. പ്രേഷിത മേഖലയായി ദിവ്യകാരുണ്യപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ എന്നിവ സ്വീകരിച്ച സന്യാസിനീ സമൂഹത്തിന്റെ ജനറലേറ്റ് ആലുവയ്ക്കടുത്ത് കാരുകുന്നിലാണ്. 1983ലാണ് മാർ കുര്യാളശേരിയുടെ നാമകരണത്തിനുള്ള പ്രാരംഭ നടപടികൾക്കു തുടക്കമായത്. ചങ്ങനാശേരി മാർ തോമസ് കുര്യാളശേരി സെന്റർ കേന്ദ്രമാക്കിയാണുജീവചരിത്രപഠനങ്ങളുംരോഗശാന്തി സാക്ഷ്യങ്ങളുടെ വിലയിരുത്തലും നടത്തിയത്. മോൺ. പോൾ പള്ളത്താണു നാമകരണ പഠനത്തിന്റെ പോസ്റ്റുലേറ്റർ. വൈസ് പോസ്റ്റുലേറ്ററായി സിസ്റ്റർ ബെഞ്ചമിൻ മേരിയും നിയമിതയായി. ചങ്ങനാശേരിയിൽ ധന്യന്റെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിട്ടുള്ള ദേവാലയത്തിൽ വർഷംതോറും ജൂൺ രണ്ടിന് അനുസ്മരണ ദിനാചരണത്തിലും അന്നു മുതൽ ഒമ്പതുനാൾ നീളുന്ന നൊവേനയിലും വർഷങ്ങളായി ആയിരക്കണക്കിനു വിശ്വാസികൾ പങ്കെടുത്തു വരുന്നു. ബിഷപ് മാർ കുര്യാളശേരിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷിക്കുന്ന വർഷത്തിൽ ത്തന്നെ ധന്യപദവി ലഭിച്ചതു ദിവ്യകാരുണ്യനാഥന്റെ പ്രത്യേകസമ്മാനമായി സ്വീകരിക്കുന്നുവെന്നു ദിവ്യ കാരുണ്യ ആരാധനാസന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ റോസ് കേറ്റ് പറഞ്ഞു

## ഈജിപ്ത് “അറബ്‌വസന്തം” ത്തിനുശേഷം

**ഡോ. സമീർ ഖലീൽ സമീർ**

---

അടുത്തനാളുകളിൽ വടക്കേ ആഫ്രിക്കയിലും മദ്ധ്യപൂർവ്വദേശങ്ങളിലും പ്രകമ്പനം സൃഷ്ടിച്ച “അറബ് വസന്തം” എന്നറിയപ്പെടുന്ന ജനമുന്നേറ്റം രാഷ്ട്രീയമായി ഏറേ ശ്രദ്ധേയമാണ്. ഈജിപ്തിൽ മുസ്ലീം സമൂഹവും ക്രൈസ്തവ സമൂഹവും ഈ മുന്നേറ്റത്തിൽ കൈകോർത്ത് ജനാധിപത്യത്തിനും തൊഴിലിനും വേണ്ടി ദേശിയ ഐക്യത്തോടെ മുന്നിട്ടിറങ്ങിയെന്നത് പ്രത്യേകം ശ്രദ്ധയാകർഷിച്ച സംഭവമായിരുന്നു.

പക്ഷെ മുബാരക്ക് ഭരണത്തിനുശേഷം വന്ന ജനഹിത പരിശോധനയിൽ പുതിയ ഭരണഘടനക്കു രൂപം നല്കുമ്പോൾ കാര്യമായ മാറ്റങ്ങളൊന്നും കാണാനില്ല. പട്ടാളമാകട്ടെ കൂടുതൽ അധികാരം പ്രയോഗിക്കുന്നു. പൊതുയോഗങ്ങളും പ്രകടനങ്ങളും നിരോധിക്കപ്പെട്ടു. മുസ്ലിം സാഹോദര്യം (Muslim Brotherhood)കൂടുതൽ ശക്തരും നിർബന്ധബുദ്ധികളുമായി മാറിക്കൊണ്ടിരിക്കുന്നു. ടുണീഷ്യയും ലിബിയയും മേല്പറഞ്ഞ പ്രതിസന്ധികളിലൂടെ കടന്നുപോകുന്നു.

ഭരണഘടനയുടെ രണ്ടാം വകുപ്പനുസരിച്ച് ശരിയ

അഥവാ ഇസ്ലാമിക നിയമം അനുസരിച്ചാണ് ഇപ്പോഴും ഈജ്പ്ത് ഭരിക്കപ്പെടുന്നത്. യഥാർത്ഥ ജനാധിപത്യത്തിലേക്ക് ,അവിടത്തെ യുവാക്കൾ അത് ആഗ്രഹിക്കുന്നുണ്ടെങ്കിൽ കൂടിയും, പോകാൻ ഭരണഘടനാ നവീകരണത്തിനു കഴിയുന്നില്ല. ഇസ്ലാമിക നിയമം അതിന്റെ തീവ്രതയിൽ, സൗദി അറേബ്യ, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളിലേതുപോലെ ഈജ്പ്തിൽ അനുവർത്തിക്കുന്നില്ല എന്നതു യാഥാർത്ഥ്യമാണെങ്കിലും ജനാധിപത്യ വഴിക്കല്ല രാജ്യം നീങ്ങുന്നതെന്നാണ് ഇത് വെളിപ്പെടുത്തുന്നത്

## തന്റെ സഹോദരന്റെ ഘാതകരോട് ക്ഷമിക്കുന്നതായി പാക്കിസ്ഥാനിൽ ക്രൂരമായി വധിക്കപ്പെട്ട ക്രൈസ്തവ മന്ത്രിയുടെ സഹോദരൻ

**വധിക്കപ്പെട്ട പാക്കിസ്ഥാനിലെ ന്യൂനപക്ഷ കാര്യാലയങ്ങളുടെ മന്ത്രി ഷബാസ് ഭാട്ടിയുടെ സഹോദരൻ പോൾ ഭാട്ടി താനും തന്റെ കുടുംബവും തന്റെ സഹോദരനെ വധിച്ച മുസ്ലിം തീവ്രവാദികളോട് ക്ഷമിക്കുന്നുവെന്ന് പ്രഖ്യാപിച്ചു. പാക്കിസ്ഥാനിലെ ദൈവദൂഷണ നിയമത്തിനെതിരായും മതസ്വാതന്ത്ര്യത്തിനുവേയും സംസാരിച്ച ഷബാസ് ഭാട്ടിയെ മുസ്ലിം തീവ്രവാദികൾ കാറിൽ നിന്നും പുറത്തിറക്കി വെടിവച്ചു കൊല്ലുകയായിരുന്നു.**

**“ഞങ്ങളുടെ ക്രൈസ്തവ വിശ്വാസം ക്ഷമിക്കുവാനാണ് പഠിപ്പിക്കുന്നത്.” പോൾ ഭാട്ടി റോമിൽ വച്ചു നടന്ന പത്രസമ്മേളനത്തിൽ വിശദീകരിച്ചു. റോം കേന്ദ്രമാക്കിയുള്ള സന്ത്എജീഡിയോ സമൂഹത്തിന്റെ ക്ഷണപ്രകാരം മതാന്തര സംവാദത്തിനുവേി റോമിൽ എത്തിയതായിരുന്നു പോൾ ഭാട്ടിയ.**

# വാരാന്ത്യവീക്ഷണം

## തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുമ്പോൾ

വീണ്ടും ഒരു തെരഞ്ഞെടുപ്പു കാലം ആഗതമായിരിക്കുന്നു. വോട്ടവകാശം ഫലപ്രദമായി വിനിയോഗിക്കുകയെന്നത് ജനാധിപത്യ ഭരണസംവിധാനത്തിൽ ഒരു പൗരന്റെ സുപ്രധാന കടമയാണ്. വിവേകപൂർവ്വം വോട്ടുചെയ്യുന്ന പൗരന്മാരാണ് ഒരു ജനാധിപത്യ സംവിധാനത്തിന്റെ സുപ്രധാന ഊർജ്ജസ്രോതസ്. അതുകൊണ്ടുതന്നെ വിവേകപൂർവ്വം വോട്ടുചെയ്യാൻ എല്ലാതെരഞ്ഞെടുപ്പിലും പൗരന്മാർ തയ്യാറാകണം.

ജനാധിപത്യത്തിലെ തെരഞ്ഞെടുപ്പ് കേവലം സ്ഥാനാർത്ഥികളെ വിലയിരുത്തലല്ല. അവർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളെയും മുന്നണികളെയും വിലയിരുത്തുന്നതാണ് തെരഞ്ഞെടുപ്പുകൾ. കാരണം, കക്ഷിരാഷ്ട്രീയത്തിലൂന്നിയ നമ്മുടെ ജനാധിപത്യത്തിൽ വ്യക്തികളുടെ നിലപാടുകൾക്ക് അത്ര പ്രാധാന്യം ലഭിക്കാറില്ല. ദൈവവിശ്വാസികളായ ശ്രീമതി ഐഷാപോറ്റിയും ശ്രീ. മോനായിയും ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തത് തെറ്റായി എന്നും അങ്ങനെ പാടില്ല എന്നും പാർട്ടി നിലപാടെടുത്തതും ഓർക്കാവുന്നതാണ്. പാർട്ടി നല്കുന്ന വിപ്പിനു വിരുദ്ധമായി വോട്ടു ചെയ്യുന്നവർ ശിക്ഷിക്കപ്പെടുന്ന നിയമനിർമ്മാണ സംവിധാനമാണ് നമ്മുടേത്. അതിൽ നിന്നും വ്യക്തി അധിഷ്ഠതമായിട്ടല്ല പാർട്ടി അധിഷ്ഠിതമായാണ് നമ്മുടെ നിയമ നിർമ്മാണസഭയുടെ പോക്കെന്നു വ്യക്തം.

നമ്മുടെ ജനാധിപത്യത്തോടും ഭരണഘടനയോടും അതിലെ ന്യൂനപക്ഷാവകാശത്തോടും മതസ്വാതന്ത്ര്യത്തോടും ഒക്കെയുള്ള രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകൾ തെരഞ്ഞെടുപ്പിൽ പരിശോധിക്കപ്പെടേണ്ടതാണ്. ഒപ്പം വികസനത്തിനും ആദർശശുദ്ധിക്കും പ്രാധാന്യം നല്കണം. ഭരണഘടനക്കും അതിലെ ന്യൂനപക്ഷാവകാശത്തിനും മതസ്വാതന്ത്ര്യത്തിനും എതിരായി നിലപാടെടുക്കുന്നവർ വിജയിച്ചു വന്നാൽ തകരാൻ പോകുന്നത് നമ്മുടെ ജനാധിപത്യവും മതേതരത്വവും മതസ്വാതന്ത്ര്യവും എല്ലാം ആയിരിക്കും. തെരഞ്ഞെടുപ്പുകാലത്ത് ഇക്കാര്യങ്ങൾ എല്ലാം നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

കേവല വാഗ്ദാനങ്ങളുടെയും പ്രകടനാപത്രികയുടെയും വിലയിരുത്തലാവരുത് തെരഞ്ഞെടുപ്പ്. ഭരണകാലത്ത് മുന്നണികൾ എടുത്ത നിലപാടുകൾ മേല്പറഞ്ഞതുപോലെ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും ന്യൂനപക്ഷാവകാശങ്ങൾക്കും മതസ്വാതന്ത്ര്യത്തിനും വികസനത്തിനും വേണ്ടി ആയിരുന്നുവോ എന്നു പരിശോധിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിലപാടു സ്വീകരിക്കുന്നതും ഉചിതമായിരിക്കും. നമ്മുടെ നിലപാടുകൾ തെരഞ്ഞെടുപ്പുകാലത്ത് പ്രത്യേകമായും ജനാധിപത്യത്തിനും, ന്യൂനപക്ഷാവകാശങ്ങൾക്കും മതസ്വാതന്ത്ര്യത്തിനും വികസനത്തിനും ഫലപ്രദമായ ഭരണത്തിനും വേണ്ടിയാകട്ടെ.

**“Jagratha News”** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25,